**പോലീസ്** **വകുപ്പ്**

**കേരളം**


**No. G2(a)-79854/2025/EC**

സിറ്റി പോലീസ് ഓഫീസ് കൊച്ചി

പതിനൊന്നാം നില,

റവന്യൂ ടവർ

പിൻകോഡ് :682011

✉cpekm.pol@kerala.gov.in

✆04842385000


തീയതി. 23-12-2025

**ലേല പരസ്യം**

കൊച്ചി സിറ്റി പോലീസ് കമ്മീഷണറുടെ അധികാരപരിധിയിൽ വരുന്നതും കാലപ്പഴക്കത്താൽ ഉപയോഗ യോഗ്യമല്ലാതായിരിക്കുന്നതുമായ, കണ്ണമാലി പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെല്ലാനം പഞ്ചായത്തിൽ 6/113 നമ്പറായ കെട്ടിടവും തൊട്ടടുത്ത ക്വാർട്ടേഴ്സും M/s MSTC Ltd വെബ്സൈറ്റ് ആയ www.mstcecommerce.com മുഖാന്തിരം 29.12.2025 തിയ്യതി രാവിലെ 11 മണി മുതൽ 04:30 വരെയുള്ള സമയത്തിൽ ഓൺലൈൻ ആയി ഇ-ലേലം ചെയത് വിൽക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്നു.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് പ്രസ്തുത വെബ്സൈറ്റിൽ നിബന്ധനകൾക്ക് വിധേയമായി ‘BUYER’ ആയി രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം (Bid amount/security deposit) 10,000/- രൂപ (പതിനായിരം രൂപ മാത്രം) M/s MSTC Ltd-ൽ ഒടുക്കേണ്ടതാണ് .

ലേലം ചെയ്യുന്നതിനായി നിശ്ചയിച്ചിട്ടുള്ള പോലീസ് സ്റ്റേഷൻ കെട്ടിടം ലേല തിയതിക്ക് തൊട്ട് മുൻപുള്ള ദിവസം വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.0 മണി മുതൽ വൈകിട്ട് 5.00 മണി വരെയുള്ള സമയത്ത് കണ്ണമാലി സ്റ്റേഷൻ ഹൌസ് ഓഫീസറുടെ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്. ലേലം കൊള്ളുന്നവർ റിലീസിംഗ് ഓർഡർ ലഭിച്ച് 30 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പ്രസ്തുത കെട്ടിടം പൊളിച്ച് അവശിഷ്ടങ്ങൾ ഉൾപ്പടെ നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ട വ്യക്തി നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ കെട്ടി വച്ച നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും പ്രസ്തുത വകകൾ വിൽക്കുന്നതിന് വേണ്ടി പുന: ലേലം നടത്തുന്നതുമായിരിക്കും. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ അധികാരം കൊച്ചി സിറ്റി പോലീസ് കമ്മീഷണറിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച് (ലേലത്തിന് മുമ്പും ശേഷവും) കൊച്ചി സിറ്റി പോലീസ് കമ്മീഷണറുടെ തീരുമാനം അന്തിമമായിരിക്കും.

വിനോദ് പിള്ള

ഡെപ്യൂട്ടി പോലീസ് കമ്മീഷണർ

For Deputy Inspector General &

Commissioner of Police

സ്വീകർത്താവ് : സംസ്ഥാന പോലീസ് മേധാവി കേരളം (ആമുഖ പത്രം സഹിതം) പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ എസ്.സി ആർ ബി ക്ക വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിനായി (ആമുഖപത്രം സഹിതം) എല്ലാ സിറ്റി പോലീസ് കമ്മീഷണർമാർക്കും, ജില്ല പോലീസ് മേധാവിമാർക്കും, ബറ്റാലിയൻ കമ്മാണ്ടൻറുമാർക്കും അറിവിലേക്കും വ്യാപക പ്രചാരണത്തിനുമായി. കൊച്ചി സിറ്റി ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പ്രചാരണത്തിനുമായി.